# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3772

## 15.03.2017 ലെ മറുപടിക്ക്

## എം.എൽ.എ - മാരുടെ ആസ്തി വികസന ഫണ്ട്

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിച്ചാലും ഭരണാനുമതി നൽകാൻ വളരെയേറെ കാലതാമസം ഉണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഉണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എം.എൽ.എ. നിർദ്ദേശം സമർപ്പിച്ചു കഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ ഭരണാനുമതി നൽകാൻ കഴിയുന്ന രീതിയിൽ ഈ ഫണ്ട് വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുമോ; | ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.മാർ സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് നിലവിൽ സർക്കുലർ നം.67/2015/ധന. തീയതി 22.07.2015 പ്രകാരം കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 04.07.2017 ലെ സ.ഉ.(അ) നം. 86/201/ധന. പ്രകാരവും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | 2016-17 സാമ്പത്തികവർഷം ചെലവഴിക്കേണ്ട 705 കോടി രൂപയിൽ എത്ര കോടി രൂപക്ക് ഭരണാനുമതി നൽകിയെന്ന് അറിയിക്കുമോ? | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ 14.03.2017 വരെ 59.87 കോടി രൂപയുടെ ധനാനുമതി നൽകിയതിൽ മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷത്തിൽ 31.07.2017 വരെ 586.58 കോടി രൂപ ആകെ അടങ്കലിൽ 1815 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 95 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ